(ഇ) ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ കിലോയ്ക്ക് 65 പൈസ ചെലവാകുന്നുണ്ട്.

(എഫ്) 1999-ൽ 80,000 മെട്രിക് ടണ്ണും 2000-ൽ 1,00,000 മെട്രിക് ടണ്ണും ആയിരുന്നു.

(ജി) 1291.056 മെ. ടൺ.

കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറിയിലെ തൊഴിൽദിനങ്ങൾ

159 (1425) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ 1996 മുതൽ ഓരോ കലണ്ടർ വർഷത്തിലും നടന്ന തൊഴിൽ ദിനങ്ങളുടെ എണ്ണം വർഷംതിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) കാപ്പക്സിന്റെ കശുവണ്ടി ഫാക്ടറികളിൽ 1996 മുതൽ ഓരോ കലണ്ടർ വർഷവും നടന്ന തൊഴിൽദിനങ്ങളുടെ എണ്ണം വർഷംതിരിച്ച് വെളിപ്പെടുത്തുമോ ;

(സി) കശുവണ്ടി വികസനകോർപ്പറേഷന്റെ 1-4-1996 മുതൽ 31-3-2000 വരെയുള്ള ഓരോ വർഷത്തേയും ലാഭനഷ്ടകണക്ക് വർഷംതിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിവരം താഴെകൊടുക്കുന്നു.

1996 - 18

1997 - 60

1998 - 80

1999 - 140

2000 - 200

(ബി) വിവരം താഴെകൊടുക്കുന്നു.

1996 - 40

1997 - 81

1998 - 40

1999 - 125

2000 - 73

LIBRARY ARCHIVES Kerala Legislative Assembly

(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ 1-4-96 മുതൽ 31-3-2000 വരെയുള്ള ലാഭനഷ്ടകണക്ക് ചുവടെ ചേർക്കുന്നു.

വർഷം	ലാഭ-നഷ്ടം രൂ.
1-4-1996 മുതൽ 31-3-1997 വരെ	1950. 88 ലക്ഷം (നഷ്ടം)
1-4-1997 മുതൽ 31-3-1998 വരെ	5994. 77 ലക്ഷം (നഷ്ടം)
1-4-1998 മുതൽ 31-3-1999 വരെ	178. 42 ലക്ഷം (നഷ്ടം)
1-4-99 മുതൽ 31-3-2000 വരെ	126.36 ലക്ഷം (നഷ്ടം)

സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

160 (1426) ശ്രീ. ഉമ്മൻ ചാണ്ടി. താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും സ്കീം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പുതിയതായി സഹകരണ മേഖലയിൽ ഏതെല്ലാം സ്പിന്നിംഗ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) കോട്ടയം ജില്ലയിലെ മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ മില്ലിന്റെ കെട്ടിടം പണി പൂർത്തിയായോ ;

(എഫ്) ഈ മില്ലിന് ആവശ്യമായ മെഷീനറി ലഭിച്ചിട്ടുണ്ടോ ;

(ജി) മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ടേം ലോൺ എവിടെ നിന്നും നൽകുവാനാണ് പ്രോജക്ട് അംഗീകരിച്ചപ്പോൾ തീരുമാനിച്ചിരുന്നത് ;

(എച്ച്) ടേം ലോൺ നൽകുവാൻ സംസ്ഥാന സഹകരണ ബാങ്ക് തീരുമാനം എടുത്തിട്ടുണ്ടോ ;

(ഐ) എങ്കിൽ എന്നാണ് തീരുമാനം എടുത്തത് എന്ന് അറിയിക്കാമോ ;

(ജെ) സംസ്ഥാന സഹകരണ ബാങ്ക് തീരുമാനം എടുത്തിട്ട് ടേം ലോൺ മില്ലിനു നൽകാനുള്ള സാഹചര്യം ഏതെന്ന് വ്യക്തമാക്കുമോ ;

(കെ) വളരെയധികം തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാർ ഷെയർ എടുത്ത് ജോലിക്കുവേണ്ടി കാത്തിരിക്കുമ്പോൾ ഈ മില്ലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly